"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - ആലപ്പുഴ ജില്ലയിലെ തലവടി കൃഷിഭവന് കീഴിൽ വരുന്ന ആനക്കിടാവിരുത്തി പാടശേഖരത്തിന്റെ 1194 (2018-19) പുഞ്ചകൃഷിയുടെ പമ്പിംഗ് സബ്സിഡി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.661/2024/AGRI തീയതി, തിരുവനന്തപുരം, 18-07-2024

---

പരാമർശം:- 1. ആനക്കിടാവിരുത്തി പാടശേഖര നെല്ലുല്പാദക സമിതി സെക്രട്ടറി ശ്രീ.ടി.കെ.സുന്ദരേശൻ സമർപ്പിച്ച 26.03.2022-ലെ അപേക്ഷ.

2. ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസറുടെ 01.02.2024, 29.02.2024 തീയതികളിലെ എ 3-1490/2018 നമ്പർ കത്തുകൾ.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തലവടി കൃഷിഭവന് കീഴിൽ 300 ഏക്കർ വരുന്ന ആനക്കിടാവിരുത്തി പാടശേഖരത്തിന്റെ 1194 (2018-19) പുഞ്ചകൃഷിയ്ക്ക് നോമിനിയായി ശ്രീ.തോമസ് മാത്യൂ എന്നയാൾ പമ്പിംഗ് ഏറ്റെടുത്ത് നടത്തി സുഗമമായി വിളവെടുത്തിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണത്താൽ യഥാസമയം വിതലിസ്റ്റ് പുഞ്ച സ്പെഷ്യൽ ഓഫീസിൽ ഹാജരാക്കുവാൻ പമ്പിംഗ് കോൺട്രാക്ടർക്ക് കഴിഞ്ഞിരുന്നില്ല. പിന്നീട് വിതലിസ്റ്റ്, വിളവെടുത്തതായുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, നെല്ലു സംഭരിച്ചതിന് മങ്കൊമ്പ് പാഡി മാർക്കറ്റിംഗ് ഓഫീസർ നൽകിയ സാക്ഷ്യപത്രം എന്നിവ നൽകിയിട്ടും പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നും പമ്പിംഗ് സബ്സിഡി അനുവദിച്ചിട്ടില്ലെന്നും, അതിനാൽ പമ്പിംഗ് സബ്സിഡി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ആനക്കിടാവിരുത്തി പാടശേഖര നെല്ലുല്പാദക സമിതി സെക്രട്ടറി ശ്രീ.ടി.കെ.സുന്ദരേശൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേലും, ഇതേ ആവശ്യമുന്നയിച്ച് പാടേശഖര സെക്രട്ടറി ശ്രീ.ടി.കെസുന്ദരേശൻ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷയിന്മേലും പരാമർശം (2) പ്രകാര ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ലേലവ്യവസ്ഥ പ്രകാരം പമ്പിംഗ് ലേലത്തിനുശേഷം ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തി

ഹാജരാക്കേണ്ട വിതലിസ്റ്റ്, വിതറിപ്പോർട്ട് എന്നീ രേഖകൾ പാടശേഖരത്തിന്റെ കോൺട്രാക്ടർ ഒരു വർഷത്തിനുശേഷമാണ് പുഞ്ച സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചത്. ഇക്കാരണത്താലാണ് പമ്പിങ് സബ്സിഡി അനുവദിക്കാതിരുന്നതെന്നും, ആനക്കിടാവിരുത്തി പാടശേഖരത്തിലെ 1194 പുഞ്ച കൃഷിയുടെ ബി ഫോറം ഹാജരാക്കിയിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ ഒന്നുംതന്നെ പൂർത്തിയായിട്ടില്ലാത്തതാണെന്നും, എന്നാൽ തുടർച്ചയായി കൃഷി നടത്തുന്ന പാടശേഖരമായതിനാൽ 1193 പുഞ്ച കൃഷിക്ക് നൽകിയ സബ്സിഡി തുകയായ 5,07,330/-രൂപ (അഞ്ച് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റിമുപ്പത് രൂപ മാത്രം) തന്നെ 1194 പുഞ്ച കൃഷിയുടെ തുകയായി കണക്കാക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, ആനക്കിടാവിരുത്തി പാടശേഖരസമിതി സെക്രട്ടറി നവകേരളസദസ്സിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് റിക്കാർഡുകൾ ഹാജരാക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി സബ്സിഡി അനുവദിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ഉത്തരവ് നൽകണമെന്നും പുഞ്ച സ്പെഷ്യൽ ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 190-ൽ അധികം കർഷകർ കൃഷിയിറക്കിയിട്ടുള്ളതും, തുടർച്ചയായ കൃഷി ചെയ്യുന്നതുമായ 300 ഏക്കർ വരുന്ന ആനക്കിടാവിരുത്തി പാടശേഖരത്തിലെ 1194 പുഞ്ചകൃഷിയുടെ പമ്പിംഗ് സബ്സിഡിയ്ക്കായി വിതലിസ്റ്റ്, വിളവെടുത്തതായുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ അനുബന്ധ രേഖകൾ ഹാജരാക്കുന്നതിലുണ്ടായ മനഃപുർവ്വമല്ലാത്ത കാലതാമസം പരിഗണിക്കാതെ ആ വർഷം നിലവിലുണ്ടായിരുന്ന പമ്പിംഗ് സബ്സിഡി നിരക്കുകൾക്ക് അനുസൃതമായി 1194-ലെ പുഞ്ചകൃഷിയുടെ (2018-19) പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിന് ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.ടി.കെ.സുന്ദരേശൻ, സെക്രട്ടറി, ആനക്കിടാവിരുത്തി പാടശേഖര നെല്ലുല്പാദക സമിതി, ആനപ്രമ്പാൽ വടക്ക്.പി.ഒ, തലവടി, ആലപ്പുഴ ജില്ല.
പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ.
പുഞ്ച സ്പെഷ്യൽ ഓഫീസർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്) /(എ&ഇ), തിരുവനന്തപുരം.
വിവര പൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം.ഐ.എഫ്.എ1/110/2022-അഗ്രി).

പകർപ്പ്

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്.
കൃഷി വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ